## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1365** 04-02-2019 ൽ മറുപടിക്ക്

### ഭൂമിയുടെ പാട്ടത്തുക കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടത്തുക പല സ്ഥാപനങ്ങളും കുടിശ്ശിക ആക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഈയിനത്തിൽ ലഭിക്കുവാനുള്ളത്; | (എ) | ഉണ്ട്. പാട്ടകുടിശ്ശിക ഇനത്തിൽ സർക്കാരിന് ഏകദേശം ആയിരത്തി ഒരുന്നൂറു കോടിയോളം രൂപ ലഭിക്കേണ്ടതായിട്ടുണ്ടെന്ന് പ്രാഥമിക വിവരങ്ങളിൽ നിന്നും ബോദ്ധ്യമായിട്ടുണ്ട്. |
| (ബി) കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുള്ള കേസുകളുടെ സ്റ്റേ ഉത്തരവ് നീക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;<br>(സി) വ്യക്തമായ കാരണം ബോധിപ്പിക്കാത്ത സാഹചര്യത്തിൽ സ്റ്റേ ആറുമാസത്തിലധികം നിലനിൽക്കില്ലായെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും) | കോടതിയിൽ സ്റ്റേ ഉത്തരവ് നേടിയിട്ടുള്ള കേസുകളിൽ പ്രത്യേക താൽപ്പര്യമെടുത്ത് കേസ്സുകളിൽ സ്റ്റേ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിയ്ക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടത്തുക പുതുക്കി നിശ്ചയിക്കണമെന്ന വ്യവസ്ഥ പ്രകാരം പാട്ടത്തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്ത് പാട്ടം നൽകിയിരിക്കുന്ന മുഴുവൻ കേസുകളിലും ഇത്തരത്തിൽ 3 വർഷത്തിലൊരിക്കൽ പാട്ടം പുതുക്കി നിശ്ചയിച്ചിട്ടില്ല എന്നു കാണുന്നു. പാട്ടം പുതുക്കി നിശ്ചയിക്കാത്ത കേസ്സുകളിൽ അടിയന്തിരമായി പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**